"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം മെഡിക്കൽ കോളേജ് - ഉള്ളൂർ - കെച്ചുള്ളൂർ റോഡ് വികസനം - ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട പൊന്നുംവില നിയമം സെക്ഷൻ 28എ പ്രകാരമുള്ള അവാർഡ് തുക - റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1566/2025/LSGD തീയതി, തിരുവനന്തപുരം, 23-06-2025**

---

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 01.06.2023 തീയതിയിലെ എസ്1/909/2021/ടിഡ നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം. 419/2025/തസ്വഭവ, തീയതി, 10.02.2025.
3. സ.ഉ.(സാധാ) നം. 4786/2025/ധന, തീയതി, 29.05.2025.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീമതി എൽ. മഞ്ജുഷ പൊന്നുംവില നിയമം സെക്ഷൻ 28 (എ) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 8,23,149/- രൂപ (എട്ട് ലക്ഷത്തി ഇരുപത്തി മൂവായിരത്തി ഒരുന്നൂറ്റി നാല്പത്തിയൊമ്പത് രൂപ മാത്രം) കക്ഷിക്ക് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ വിശദമായി പരിശോധിച്ച്, ശ്രീമതി എൽ. മഞ്ജുഷ പൊന്നുംവില നിയമം സെക്ഷൻ 28 (എ) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 8,23,149/- രൂപ (എട്ട് ലക്ഷത്തി ഇരുപത്തിമൂവായിരത്തി ഒരുന്നൂറ്റി നാല്പത്തിയൊമ്പത് രൂപ മാത്രം) അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം '4217-60-800-93 Payment of Compensation in LAR Cases (Plan Charged)' എന്ന ശീർഷകത്തിൽ 8,24,000/- രൂപ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും

അടിസ്ഥാനത്തിൽ പട്ടം മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28 (എ) പ്രകാരം ശ്രീമതി. എൽ. മഞ്ജുഷ സമർപ്പിച്ച അപേക്ഷയിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 8,23,149/- രൂപ (എട്ട് ലക്ഷത്തി ഇരുപത്തിമൂവായിരത്തി ഒരുനൂറ്റി നാല്പത്തിയൊമ്പത് രൂപ മാത്രം) ശ്രീമതി. എൽ. മഞ്ജുഷ-യ്ക്ക് നൽകുന്നതിന് '4217-60-800-93 (Plan)' എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിസ്സാം എസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ശ്രീമതി എൽ. മഞ്ജുഷ, ചെങ്കൊടിവിളാകത്ത് വീട്, ചെറുവയ്ക്കൽ, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/113/2023/FIN. dated 06.06.2025).
തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പ് (IA2/78/2023-LSGD)
ഐ. & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/200/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 23-06-2025 16:51:20
സെക്ഷൻ ഓഫീസർ